# ഉയർന്നതാകട്ടെ ചിന്ത;ഭാഷ ലളിതവും

വി. ജി. -

ദുരിതമനുഭവിക്കുന്ന ബഹുഭൂരിപക്ഷത്തിന്റെ പക്ഷമായിരിക്കണം ഒരു പത്രത്തിന്റേത്. നിവർന്ന നട്ടെല്ലും സ്വതന്ത്രമാക്കപ്പെട്ട തലച്ചോറുമായിരിക്കണം അതിന്റെ മതം. ദുരിത ഭൂരിപക്ഷത്തിന്റെ പുരോഗതിക്കുതകുന്ന വിവരങ്ങൾ ശേഖരിച്ച് അവർക്കിടയിൽ വിതരണം ചെയ്ത് സ്വന്തം പുരോഗതിക്കുള്ള തങ്ങളുടെ വഴി തനിയെ വെട്ടിത്തുറക്കാൻ ആ ജനതയെ പ്രാപ്തരാക്കലാണു പത്രധർമ്മം.

ഏതു ജനതയ്ക്കായി നിലകൊള്ളുന്നുവോ അവരുടെ ഭാഷയായിരിക്കണം അതിന്റെ ഭാഷ.

നിലവിലുള്ള പത്രങ്ങളൊന്നും ഈ ചട്ടക്കൂടിൽ വരാത്തതു കൊണ്ടാണല്ലോ ബദൽ പത്രത്തെക്കുറിച്ചു ചിന്തിക്കേണ്ടിവരുന്നത്. ഭാഷയിലെ ഒട്ടേറെ അലങ്കാരപ്രയോഗങ്ങളും കഠിനപദങ്ങളും, ചരിത്രസംഭവങ്ങളും, വർത്തമാനകാല സംഭവങ്ങളും മറ്റും അറിയുന്നവരായിരിക്കുമല്ലോ പത്രം നടത്തുന്നത്. പക്ഷെ ഭൂരിപക്ഷം വായനക്കാരും ആ നിലവാരമായിരിക്കില്ല എന്ന സത്യം നാം അറിഞ്ഞിരിക്കണം. ആ ഭൂരിപക്ഷത്തിനുവേണ്ടിയാണ് നാം പത്രം നടത്തേണ്ടത്. ഓരോ വാർത്തയും ലേഖനങ്ങളും പുതിയ പുതിയ വായനക്കാരെ ആകർഷിക്കത്തക്കതായിരിക്കണം. അവർക്കു പുതിയ പുതിയ അറിവും തിരിച്ചറിവും നൽകുന്ന വിവരങ്ങൾ ഓരോ ലക്കത്തിലും ക്രമപ്പെടുത്തി വച്ചിട്ടുണ്ടാവണം.

**ഭാഷ ലളിതമായിരിക്കണം. പരിഹാസ ഭാഷ കഴിവതും ഒഴിവാക്കുന്നതാണു ഉചിതം. ആശയ വിനിമയം നടക്കണമെങ്കിൽ സൗമ്യമായ ഭാഷതന്നെ ഉപയോഗിക്കണം**

ഭാഷ ലളിതമായിരിക്കണം. പരിഹാസ ഭാഷ കഴിവതും ഒഴിവാക്കുന്നതാണു ഉചിതം. ആശയ വിനിമയം നടക്കണമെങ്കിൽ സൗമ്യമായ ഭാഷതന്നെ ഉപയോഗിക്കണം. ദേഷ്യവും പരിഹാസവും ആകർഷണമല്ല, വികർഷണമാണുണ്ടാക്കുക.

ബദൽ പത്രങ്ങളിൽ സമീപകാലത്ത് പ്രത്യക്ഷപ്പെട്ട ചില ലേഖനങ്ങളാണ് ഇത്രയും ചിന്തിക്കാൻ പ്രേരിപ്പിച്ചത്. ഇതാ ചില ഉദാഹരണങ്ങൾ. കാര്യങ്ങൾ ബോധ്യപ്പെട്ടാൽ മതിയല്ലൊ. ലേഖകരെയോ പത്രത്തേയോ അറിയിക്കേണ്ടതില്ലല്ലോ.

*"വൽക്കരണാദിത്രയങ്ങൾ ഉയർത്തുന്ന ഭീഷണാവസ്ഥയെക്കുറിച്ച് നഗരഹോട്ടലുകളിലിരുന്ന് ബുൾഗാനിൻ മുഖിമാൻമാർ വിലാപപത്രാവതാരണം നടത്തുമ്പോൾ അതിന്റെ ദുരിതഫലങ്ങൾ ഏറ്റവും കൂടുതലനുഭവിക്കേണ്ടി വരുന്ന കീഴാളരുടെ ജീവിതരേഖയിൽ തന്നെ സാമ്പ്രാദായിക ചലച്ചിത്ര രീതികളിലെ ഉപരിവർഗ്ഗ സമീപനം വിട്ട് പ്രസ്തുത പ്രശ്നങ്ങൾ ദൃശ്യവൽക്കരിക്കുവാൻ നവാഗതപ്രതിഭകൾ മുന്നിട്ടിറങ്ങിയത് ഏറെ അഭിനന്ദനീയം."*

'മൺകോലങ്ങൾ' എന്ന സിനിമയെക്കുറിച്ച് എഴുതിയ ഒരു നിരൂപണത്തിൽ നിന്നാണിത്. കംഭാരന്മാരുടെ ഇന്നത്തെ ജീവിതാവസ്ഥയെക്കുറിച്ചെടുത്തിട്ടുള്ള ചിത്രമാണ് മൺകോലങ്ങൾ. അതിനെക്കുറിച്ചുള്ള നിരൂപണത്തിന്റെ ലക്ഷ്യമെന്തായിരിക്കണം? കംഭാരന്മാരും അവരെപ്പോലെ ദുരിതമനുഭവിക്കുന്ന മഹാഭൂരിപക്ഷം ജനങ്ങളും മൺകോലങ്ങളെന്ന ഒരു സിനിമ ഇറങ്ങിയിട്ടുണ്ടെന്നറിയണം. തങ്ങൾ കാണേണ്ട ഒരു ചിത്രമാണതെന്നറിയണം. തങ്ങളുടെ മുൻകൈയ്യിൽ പ്രസ്തുത ചിത്രത്തിന്റെ പ്രദർശനം നടത്തണം. അതിലെ സന്ദേശം ഉൾക്കൊള്ളണം. എന്നിട്ട് അതിൽ സൂചിപ്പിച്ചിട്ടുള്ളതും തങ്ങൾ അനുഭവിക്കുന്നതുമായ ചൂഷണ വ്യവസ്ഥിതിയിൽ നിന്നു രക്ഷനേടാനുള്ള വഴികൾ തിരഞ്ഞു കണ്ടെത്തണം.

പക്ഷെ ഇത്തരത്തിലുള്ള നിരൂപണങ്ങൾ കൊണ്ടതു കഴിയുമോ? ഇത്തരം ലേഖനങ്ങളും അവ വരുന്ന പത്രങ്ങളും ഈ സാധാരണക്കാർ കൈകൊണ്ടു തൊടുമോ? 'വൽക്കരണാദിത്രയങ്ങളും' അതിന്റെ 'ഭീഷണാവസ്ഥയും' സാധാരണക്കാരനെ അകറ്റുകയല്ലേയുള്ളൂ?

വാക്യത്തിന്റെ നീളം, കഠിനപദങ്ങൾ, വളഞ്ഞവഴിയിലുള്ള ആശയാവതരണം എന്നിവയാണ് സാധാരണക്കാരനെ മടുപ്പിക്കുന്നത്. എന്നാൽ പ്രസിദ്ധമല്ലാത്ത സൂചിതകഥകളും ആശയവിനിമയങ്ങളും തടസ്സമുണ്ടാക്കും.

*'രാഹുകാലം നോക്കി നക്ഷത്രം നോക്കി രാഷ്ട്രീയ ഭാവി നിർണ്ണയിക്കുന്നതു പോലെയാണു സെക്യുലരിസ്റ്റ് പ്രവർത്തനങ്ങളും. കാലടി അദ്വൈതാശ്രമം പ്രസിഡണ്ട് സ്വാമി അമലേശ്വരാനന്ദയെ വധിക്കാൻ ശ്രമിച്ചവർക്കെതിരെ ശബ്ദിക്കാത്തത് ഇതാണത്രെ. വല്ല തലതെറിച്ച ഡി.വൈ.എഫ്.ഐക്കാരോ, സി.ഐ.ടി.യു. ഗുണ്ടകളോ മറ്റോ ആണെങ്കിൽ പാർട്ടിയിലും സംസ്കാരത്തിലുമുള്ള തന്റെ ഇരിപ്പിടങ്ങൾക്ക് ഇളക്കം തട്ടിയാലോ? 'പുണ്യഭൂമി' എന്തെഴുതിയാലും! എന്തായാലും ശിവസേനക്കാരെ അറസ്റ്റു ചെയ്തതു ഭാഗ്യമായി.'*

ഇതിലെ 'സെക്യുലരിസ്റ്റ്' പ്രവർത്തനം നാട്ടുമ്പുറത്തുകാരനായ ഒരു പത്താംക്ലാസ്സുകാരനുപോലും മനസ്സിലാകുമെന്നു തോന്നുന്നില്ല. രണ്ടാമതായി കാലടി അദ്വൈതാശ്രമം പ്രസിഡണ്ടിനെ വധിക്കാൻ ശ്രമിച്ച സംഭവം അറിയാവുന്നവർക്കല്ലെ മേൽപ്പറഞ്ഞ വാക്യങ്ങളിലെ പൊരുളറിയൂ. 'പുണ്യഭൂമി' പത്രം പ്രചാരം നേടിവരുന്നതേയുള്ളൂ എന്നതാണ് മറ്റൊരു കാര്യം. അതു ചെന്നെത്താത്ത സ്ഥലത്തും മേൽപ്പറഞ്ഞ ലേഖനഭാഗം വായിച്ചേക്കാം.

സൂചിതകഥകൾ, സംഭവങ്ങൾ എന്നിവ അത്രപ്രശസ്തമല്ലെങ്കിൽ ആവശ്യത്തിനു വിശദീകരണം കൊടുക്കേണ്ടതുണ്ട്. അല്ലെങ്കിൽ നാം വിചാരിക്കുന്ന ആശയവിനിമയം എളുപ്പം നടക്കാതെ പോകും.(തുടരും)

# ഉയർന്നതാകട്ടെ ചിന്ത; ഭാഷ ലളിതവും

**വി. ജി**

ഈ പറഞ്ഞതിനേക്കാൾ ഗൗരവമുള്ളൊരു സംഗതിയാണ് ഇനി പറയാൻ പോകുന്നത്.

"പാമ്പുവേലായുധനെ അറിയാത്തവർ ഈ ഭൂമി മലയാളത്തിൽ ചുരുങ്ങും. വേലായുധൻ വീണ്ടും അനശ്വരനാവുകയാണ്. 'രാമർ പച്ചില' പോലെ പത്രക്കാരും. വേലായുധൻ എവിടെയാണെങ്കിലും പത്രക്കാർ മണത്തറിയും. വഴിപോക്കർ ഒന്നെത്തി നോക്കും. നോക്കുന്നവരുടേയും വായിക്കുന്നവരുടേയും എണ്ണം പെരുകുമ്പോൾ പത്രമുതലാളിക്കും വേലായുധനും ലാഭം മാത്രം."

ഈ പ്രസ്താവന പലരും വായിച്ചിട്ടുണ്ടാവും. ശ്രീ. വേലായുധനും ശ്രീ. രാമറും അത്രയ്ക്കു പരിഹാസ്യരാണോ? ശ്രീ വേലായുധന്റെ പ്രദർശനങ്ങൾ ഞങ്ങൾ കണ്ടിട്ടുണ്ട്. പ്രയോജനപ്പെടുത്തിയിട്ടുമുണ്ട്. അദ്ദേഹമൊരിക്കൽ അട്ടപ്പാടിയിലെ അയ്യപ്പക്ഷേത്രത്തിൽ ഒരു പ്രദർശനം നടത്തുകയുണ്ടായി. രണ്ടോ മൂന്നോ ദിവസമായിരുന്ന പരിപാടി. ഞങ്ങളുടെ വിദ്യാർത്ഥികൾക്കു വേണ്ടി പാമ്പുകളെക്കുറിച്ചൊരു ക്ലാസ്സ് തരണമെന്നു പറഞ്ഞു. സന്തോഷത്തോടെ അദ്ദേഹം സ്വീകരിച്ചു. അന്നത്തെ പ്രദർശനത്തിൽ ചോദിച്ച ചോദ്യങ്ങൾക്കെല്ലാം മറുപടികൊടുക്കുകയും വേണ്ടസന്ദർഭങ്ങളിൽ ഉദാഹരണങ്ങൾ കാട്ടികൊടുക്കുകയും ചെയ്തിരുന്നു. അത്തരമൊരു ക്ലാസ്സുതരാൻ ശ്രീ. വേലായുധനെപ്പോലൊരാൾ വേണ്ടേ? അഭ്യസ്ത വിദ്യരായ എത്രയോ പേർ പാമ്പുകളെക്കുറിച്ച് അന്ധമായി പലതും വിശ്വസിക്കുന്നുണ്ട്. വേലായുധൻ വയറ്റിപ്പിഴപ്പിനോ പ്രശസ്തിക്കോ വേണ്ടിയാവാം സർപ്പയജ്ഞം നടത്തിയത്. ഇഴജന്തുക്കൾ അതിന്റെ പേരിൽ പീഡിപ്പിക്കപ്പെട്ടിട്ടുണ്ടാവാം. പക്ഷെ അതിലെ നന്മയുടെ വശം തെരഞ്ഞു പിടിച്ച് ഉപയോഗപ്പെടുത്താതെ അതിനെ കണ്ണടച്ചു പരിഹസിക്കുന്നത് ശരിയല്ല.

രാമർപിള്ളയുടെ കഥയും മറിച്ചല്ല. രാമർപിള്ളയുടെ 'പച്ചിലപ്പെട്രോൾ' വ്യാജമാണെന്ന് അസന്നിഗ്ധമായി തെളിയിക്കപ്പെട്ടിട്ടുണ്ടോ? അദ്ദേഹമിപ്പോൾ മണ്ണെണ്ണയുണ്ടാക്കി വിറ്റുകൊണ്ടിരിക്കുകയാണത്രെ. അതും സർക്കാർ മണ്ണെണ്ണയേക്കാൾ വിലകുറച്ച്! അതിനെ പെട്രോളെന്നോ മണ്ണെണ്ണയെന്നോ വിളിക്കാതെ വേറൊരു പേരിട്ടു വിളിച്ചു കൂടെ? മണ്ണെണ്ണയ്ക്കും പെട്രോളിനും ഇത്രയും ക്ഷാമമുള്ള ഇക്കാലത്ത് അത്തരമൊരിന്ധനം യഥാർത്ഥ മണ്ണെണ്ണയാണോ പെട്രോളാണോ എന്നു തെളിയിക്കുകയാണോ ആവശ്യം? അതോ ഉപദ്രവകാരിയല്ലാത്തതും ചെലവുകുറഞ്ഞതുമായ ഒരു ജനകീയ ഇന്ധനമാണോ എന്നന്വേഷിക്കണോ? മാധ്യമങ്ങൾക്കും സർക്കാരിനും ആരെയും കൊല്ലാം. പക്ഷെ നമ്മളും അക്കൂട്ടത്തിൽക്കൂടി അതാസ്വദിക്കേണ്ടതുണ്ടോ?

**പരിഹസിച്ച പവിത്രീകരിക്കാം, എന്നൊരു അന്ധവിശ്വാസം നിലവിലുണ്ട്. ശിക്ഷിച്ച നന്നാക്കാം എന്നതുപോലെ തന്നെയാണത്. ബദൽ പ്രസിദ്ധീകരണങ്ങളും ബദൽ പ്രസ്ഥാനങ്ങളും പരിഹസിച്ച് പവിത്രീകരിക്കാനുള്ള ശ്രമങ്ങൾ പലപ്പോഴും നടത്താറുണ്ട്.**

കഴിഞ്ഞ ലക്കം തുടർച്ച

ഓരോ വിഷയത്തോടുമുള്ള സമീപനമനുസരിച്ച് ഫലത്തിനും മാറ്റമുണ്ടാവും. കരിക്ക്, തേങ്ങ, എണ്ണ, ഓല, വിറക്, തുടങ്ങി നിത്യജീവിതത്തിനത്യന്താപേക്ഷിതമായ എന്തെന്തു സാധനങ്ങളാണ് നമുക്കു തെങ്ങിൽ നിന്നു കിട്ടുന്നത്! സകല സാമൂഹ്യ തിന്മകൾക്കും കാരണമായ മദ്യവും അതേ തെങ്ങിൽ നിന്നെടുക്കാമല്ലോ. അപ്പോൾ സമീപനമാണു പ്രശ്നം. നമ്മുടെ മനസ്സുകൾ 'പോസിറ്റീവായി ട്യൂൺ' ചെയ്യേണ്ടിയിരിക്കുന്നു. എന്തിലും നന്മയുടെ ഇത്തിരി അംശമെങ്കിലുമുണ്ടോ എന്നു പരിശോധിക്കാൻ മനസ്സിനെ മനഃപൂർവ്വം മെരുക്കിയെടുക്കേണ്ടിയിരിക്കുന്നു. കാരണം നമ്മെ പരിശീലിപ്പിച്ചെടുത്തിരിക്കുന്നത് മറുവഴിക്കാണല്ലോ.

പരിഹസിച്ച പവിത്രീകരിക്കാം, എന്നൊരു അന്ധവിശ്വാസം നിലവിലുണ്ട്. ശിക്ഷിച്ച നന്നാക്കാം എന്നതുപോലെ തന്നെയാണത്. ബദൽ പ്രസിദ്ധീകരണങ്ങളും ബദൽ പ്രസ്ഥാനങ്ങളും പരിഹസിച്ച് പവിത്രീകരിക്കാനുള്ള ശ്രമങ്ങൾ പലപ്പോഴും നടത്താറുണ്ട്.

'മാദ്ധ്യമ പ്രഭുക്കൾ', 'സെക്യുലർ ജീവികൾ', 'മ-പ്പത്രം', 'പൈങ്കിളി വാരികകൾ' എന്നീ പരിഹാസപ്പേരുകളുപയോഗിച്ച പരിഹാസശൈലിയിൽ കാര്യങ്ങൾ വിശദീകരിക്കുമ്പോൾ കേൾവിക്കാർ പലരും മനസ്സടയ്ക്കും. മനസ്സടച്ചാലെങ്ങനെ ആശയവിനിമയം നടക്കും? പറയുന്നതു ശരിയാണെന്നു ബോദ്ധ്യപ്പെട്ടാൽ. തിരുത്തണമെന്നു സ്വയം തോന്നിയാൽ മാത്രമേ മാറ്റമുണ്ടാവൂ. സ്വയം തീരുമാനമെടുക്കണമെങ്കിൽ അയാളുടെ മനസ്സു സന്നദ്ധമാകണം.

മേൽപ്പറഞ്ഞ 'മാദ്ധ്യമ പ്രഭുക്കൾ' നടത്തുന്ന 'മ-പ്പത്രങ്ങളുടേയും' 'പൈങ്കിളി വാരികകളുടേയും' വായനക്കാരിൽ നിന്നു തന്നെ വേണം ബദൽ പത്രങ്ങൾക്കു വായനക്കാരെയുണ്ടാക്കാൻ. അവരിൽ നിന്നു തന്നെ വേണം ബദൽ പ്രസ്ഥാനങ്ങൾക്കു പ്രവർത്തകരെയുണ്ടാക്കാൻ. സമൂഹം ഈ പത്രമാധ്യമങ്ങളുടെ ആരാധനയിലും അടിമത്തത്തിലുമാണ്. കാര്യമറിയാത്തതുകൊണ്ടാണിങ്ങിനെ സംഭവിക്കുന്നത്. അവർ ആരാധിച്ചു കൊണ്ടിരിക്കുന്ന പത്രങ്ങളേയോ വാരികകളെയോ സീരിയലുകളേയോ പരിഹസിക്കുമ്പോൾ അവരെത്തന്നെ പരിഹസിക്കുന്നതായിട്ടാണ് അവർക്കു തോന്നുക. അവർ നമ്മളെ ശത്രുപക്ഷത്തേയ്ക്കു മാറ്റി നിർത്തും. നമ്മൾ പറയുന്നതെല്ലാം വിപരീതാർത്ഥത്തിൽക്കാണുകയും ചെയ്യും. ഇവിടെയുണ്ടായ ബദൽ പ്രസ്ഥാനങ്ങൾ വളരാൻ വൈകുന്നതിന്റെ ഒരു പ്രധാന കാരണവും ഇതാണ്.

ബദലുകൾ വളരേണ്ടത് കാലത്തിന്റെ ആവശ്യമാണ്. അതിനെ വളർത്തിയെടുക്കാൻ കരുതലോടെയുള്ള നീക്കങ്ങളും അനിവാര്യമാണ്. പഴയശൈലികൾ പലതും അപകടകാരികളായിരുന്നുവെന്ന് ചരിത്രം നമ്മെ പഠിപ്പിക്കുന്നു. നമ്മുടെ സമീപനത്തിൽ മാറ്റമുണ്ടാകട്ടെ. തെങ്ങിൽ നിന്നൊരിക്കലും കള്ളു ചെത്തിയെടുക്കില്ല എന്ന രീതിയിൽ ഒരു മാറ്റം. എന്തിലും ദോഷം കാണുന്ന രീതിയൊന്നു മാറ്റിയെടുക്കാം. അപ്പോൾ മാറ്റം നമ്മളിൽ നിന്നു തുടങ്ങുന്നു. അതു സാമൂഹ്യമാറ്റത്തിന് വഴിമരുന്നാവുകയും ചെയ്യുന്നു.

ഇതിലെ ഉദാഹരണങ്ങൾ ഒരു പ്രത്യേക ലേഖനത്തെയോ ലേഖകനെയോ വിമർശിക്കാനല്ല, മറിച്ച് ഒരു പൊതു പ്രവണത ഉദാഹരിക്കാൻ മറ്റുപോംവഴികളില്ലാത്തതു കൊണ്ടുമാത്രം ചെയ്തു പോയതാണ്. അതിന്റെ ഉദ്ദേശ്യ ശുദ്ധിയിൽ മാത്രം അതിനെ കാണുക. ഒരു നല്ല മാറ്റത്തിനും അതിന്റെ വേഗതയ്ക്കും വേണ്ടി അതിയായി കൊതിക്കുന്നതു കൊണ്ടു മാത്രം ഇത്രയും പറയുന്നു. സ്വീകരിക്കുക, പ്രതികരിക്കുക.